**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6493** **10-11-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 03.01.2014-ലെ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന ശമ്പള സ്കെയിലിലെ ജീവനക്കാരെയും ഉൾപ്പെടുത്തി സംയോജിത സീനിയോറിറ്റി പട്ടിക തയ്യാറാക്കി യോഗ്യരായവർക്ക് ക്ലാർക്ക്, വില്ലേജ് അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ 10% സ്ഥാനക്കയറ്റം അനുവദിച്ചിരുന്നോ; | (എ) | ഉണ്ട്. |
| (ബി) | റവന്യൂ വകുപ്പിലെ അറ്റൻഡർ, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാരുടെ അംഗബലം കണക്കിലെടുത്ത് പ്രമോഷൻ 15% ആയി ഉയർത്താൻ 10.01.2020-ലെ നം 124/20 സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ടോ; പഴയ അനുപാതമായ 9:6 തിരികെ കൊണ്ടു വരികയാണ് ചെയ്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 24.08.2019 ലെ സ.ഉ.(പി)6/2019/ഉ.ഭ.പ.വ ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം റവന്യൂ വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് പതിനഞ്ച് ശതമാനം തസ്തിക മാറ്റ സ്ഥാനക്കയറ്റ അനുപാതം നിലനിർത്തി കൊണ്ട് ഉത്തരവായിരുന്നു. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലെ ചില ജീവനക്കാർ തങ്ങൾക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത OA യിൽ മേലുള്ള വിധിന്യായം നടപ്പിലാക്കി കൊണ്ട് പുറപ്പെടുവിച്ച ഉത്തരവാണ് 10.01.2020ലെ സ.ഉ.(സാധാ)124/2020/റവ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത ഉത്തരവിൽ 24.08.2019 ലെ സ.ഉ.(പി)6/2019/ഉ.ഭ.പ.വ. ഉത്തരവിൻ പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്/ എൽ.ജി.എസ് തസ്തികകൾക്ക് ക്ലർക്ക്/ വില്ലേജ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് പതിനഞ്ച് ശതമാനം തസ്തിക മാറ്റ സ്ഥാനക്കയറ്റം 3:2 അംശാനുപാതത്തിൽ അനുവദിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. |
| (സി) | മറ്റു വകുപ്പുകളിലെ പോലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | റവന്യൂ വകുപ്പിൽ എൽ.ഡി. ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് പതിനഞ്ച് ശതമാനം തസ്തിക മാറ്റ സ്ഥാനക്കയറ്റം വി എഫ് എ/ |

| | | | |
|---|---|---|---|
| | | | എൽ ജി എസ്/ അറ്റന്റർ തസ്തികകൾക്ക് 3:2 അനുപാതത്തിൽ അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

6

# GOVERNMENT OF KERALA

## Abstract

Revenue Department-Establishment-Order of Hon'ble Kerala Administrative Tribunal dtd 22.08.2019 in OA.No.1182/2019 filed by Sri.Rajeev.V and others-Complied with-Orders issued

## REVENUE(C)DEPARTMENT

**G.O.(Rt)No.124/2020/RD**Dated,Thiruvananthapuram, 10/01/2020

Read 1 Order of Hon'ble Kerala Administrative Tribunal dtd 22.08.2019 in OA.No.1182/2019 filed by Sri.Rajeev.V and others

2 Representation submitted by Sri.Rajeev.V and others

## ORDER

The Hon'ble Kerala Administrative Tribunal in its order dated 22/08/2019 in OA No.1182/2019 filed by Sri.Rajeev.V, Village Field Assistant and others directed the 1st Respondent,Government to dispose the case within 2 months after giving an opportunity for hearing to the applicants.

2.The applicants are working as Village Field Assistants in Revenue Department in Alappuzha District. They are aggrieved by the delay on the part of 3rd respondent, ie, the District Collector, Alappuzha in granting promotion to the post of L.D Clerk / Village Assistant in the quota earmarked to Village Field Assistants. The applicants are senior persons in the category of Village Field Assistant and they are eligible for promotion as Village Assistant / L.D.Clerk. Their promotion is delayed because of the fact that promotions were being made from a combined seniority list of Last Grade Servants and Village Field Assistants,which was prepared on the basis of G.O.(P)No.1/2014/P&ARD dated 3/1/2014.

3.As per the amendment made to the Kerala Revenue Ministerial Sub-ordinate Service Special Rules,15% of the total posts of L.D Clerk / Village Assistant shall be filled from among the qualified Village man and Last Grade Servants / Attenders at the ratio of 3:2 between them. But as per G.O.(P) No.1/2014/P&ARD dated 3/1/2014, it has been ordered that in all departments, by transfer promotion quota should be limited to 10% for generalizing the quota. Considering the fact that,unlike in other departments 1/3 of the total

employees in Revenue Department belongs to Village Field Assistant, Last Grade and other low paid categories,the Government as per G.O.(P)No.6/2019/P&ARD dated 24/08/2019 issued an order amending G.O.(P) No.1/2014/P&ARD dated 3/1/2014 by which Revenue Department was exempted from implementing the said Government Order and at present in Revenue Department the promotion of Village Field Assistant and Last Grade Servants are governed by the provisions of the Kerala Revenue Ministerial Sub-ordinate Service Special Rules.

4.Based on the directions of Hon'ble Kerala Administrative Tribunal the petitioners were heard on 29/11/2019. The petitioners were not participated for hearing but their representative reported for hearing on behalf of the petitioners.

5.At the time of hearing the advocate on behalf of the petitioners informed that the petitioners preferred the OA aggrieved by the delay in granting promotion to the post of Village Assistants / L.D. Clerks in accordance with the ratio prescribed in the special rules but while the OA was pending before the Tribunal 11 fresh vacancies were filled by direct recruitment without considering the claim of the petitioners, the above act of appointing direct recruitees without considering the claim of the petitioners is illegal. Hence requested to consider the grievances of the petitioner and direct to grant promotion to the post of Village Assistants / L.D.Clerk in accordance with the Kerala Ministerial Sub-ordinate Service Rules that is in the 15% quota in the ratio of 3:2 among the Village Field Assistants and Last Grade Servants in the existing and next arising vacancies so as to maintain the quota of 15% of achieved.

6.The Petitioners grievance was examined based on the judgement and rule position and found that the impacts of G.O.(P)No.1/2014/P&ARD dated 3/1/2014 will not affect the promotion of Village Field Assistants and Last Grade Servants in Revenue Department because as per G.O.(P)No.6/2019/P&ARD dated 24/8/2019 the Government exempted Revenue Department from implementing G.O.(P)No.1/2014/P&ARD dtd 3/1/2014. Hence the petitioners are eligible for by transfer promotion as L.D.Clerk/ Village Assistants in the next arising vacancy as per Kerala Revenue Ministerial Sub-ordinate Service Special Rules

7. In this circumstances District Collector, Alappuzha is directed to consider the grievance of petitioners and to grant **by transfer promotion** to the post of Village Assistants / L.D.Clerk in accordance with the Kerala Revenue Ministerial Sub-ordinate Service Special Rules, that is in the 15% quota in the ratio of 3:2 among the Village Filed Assistants and Last Grade Servants in the

next arising vacancies.

8.The direction in the order of Hon'ble Kerala Administrative Tribunal read as I[st] paper above is thus complied with.

(By order of the Governor)
**BEENA P S**
**UNDER SECRETARY**

To:

The Commissioner of Land Revenue, Thiruvananthapuram.
The District Collector,Alappuzha

The Advocate General, Thiruvananthapuram (With C/L)

Sri.Rajeev.V,Village Field Assistant,Thrikkunnapuzha Village Office,Alappuzha District-690515

Sri.Vinod.M.C,Village Field Assistant,Komalapuram Village Office, Alappuzha District-688006

Sri.Balu.M.C,Village Field Assistant,Pazhaveedu Village Office Alappuzha District-688009

Personal and Administrative Reforms Department

(Vide ADV-B1/260/2019-P&ARD dtd 09.12.2019

Information and Public Relations (Web & New Media) Department

Stock File/ Office Copy.

Signature valid
Digitally signed by ABHILASH S
Date: 2020.01.10 12:25:10 IST
Reason: Approved

Forwarded / By order

Section Officer

സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ് III തസ്തികകളിലേക്ക് (പബ്ലിക് സർവ്വീസ് കമ്മീഷന്റെ by transfer appointment വഴിയല്ലാതെ) വകുപ്പ് തലത്തിൽ എൽ.ഡി. ക്ലാർക്കായി നിയമനം നൽകിവരുന്നുണ്ട്. ഇത്തരത്തിൽ ഒരേ റാങ്ക്ലിസ്റ്റിൽ നിന്ന് നിയമിതരാകുന്ന ജീവനക്കാർക്ക് പല തരത്തിലുള്ള പ്രൊമോഷൻ/ബൈട്രാൻസ്ഫർ സാധ്യതകൾ ഉണ്ടാകുന്നത് വിവേചനപരമാണ് എന്നതിനാൽ ഇക്കാര്യത്തിൽ ഒരു ഏകീകരണം ആവശ്യമാണ് എന്ന് സർക്കാർ കണ്ടെത്തിയതിനെ തുടർന്ന് സർക്കാരിന്റെ എല്ലാ വകുപ്പുകളിലെയും ക്ലാസ് IV ജീവനക്കാർക്കു പുറമെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ് III തസ്തികകളായ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% തസ്തികമാറ്റം നൽകുന്നതിന്മേൽ താൽക്കാലിക തീരുമാനം കൈക്കൊണ്ട് ആയതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

3. വിവിധ വകുപ്പുകളിലെ ക്ലാസ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും അതത് വകുപ്പുകളിലെ എൽ.ഡി.സി./എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% വകുപ്പുതലത്തിൽ ബൈട്രാൻസ്ഫർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം കമ്മീഷൻ വിശദമായി പരിശോധിക്കുകയും '10%' എന്നത് '5%' എന്ന ഭേദഗതിയോടെ പ്രസ്തുത നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിക്കുകയും ചെയ്തതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം 3 മുഖേന സർക്കാരിനെ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 5-4-2010-ലെ സ. ഉ. (പി) നമ്പർ 12/2010/ഉ.ഭ.പ.വ. പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അതാത് വകുപ്പുകളിലെ ക്ലാസ് IV/ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിന് പുറമെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാത് വകുപ്പിലെ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്ക് കൂടി യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, തസ്തികമാറ്റം അനുവദിച്ചുനൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവാകുന്നു:

(i) തസ്തികമാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.

(ii) ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.



5. എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സീനിയോറിറ്റിയുടേയും, യോഗ്യതയുടേയും അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പിൽ 10 ശതമാനത്തിലധികം വകുപ്പുതല ബൈട്രാൻസ്ഫർ നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമോ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമോ നിലവിൽ വ്യവസ്ഥയുണ്ടെങ്കിൽ ടി നിയമനം 10 ശതമാനമായി അതാത് ഭരണ വകുപ്പുകൾ നിജപ്പെടുത്തേണ്ടതും സ്പെഷ്യൽ റൂളിൽ അടിയന്തിരമായി ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഇ. കെ. ഭരത് ഭൂഷൺ
*ചീഫ് സെക്രട്ടറി.*

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പൊതുഭരണ (എസ്.സി.) വകുപ്പ്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

# കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പെടെ) യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 1/2014/ഉ.ഭ.പ.വ.** **തിരുവനന്തപുരം, 2014 ജനുവരി 3.**

---

പരാമർശം:—(1) 10-1-1974-ലെ സ. ഉ. (പി) നമ്പർ 11/1974/പി.ഡി.

(2) 5-4-2010-ലെ സ. ഉ. (പി) നമ്പർ 12/2010/ഉ.ഭ.പ.വ.

(3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28-11-2013-ലെ AV(1) 21245/2013/GW നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം, പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കായി, എൽ.ഡി. ടൈപ്പിസ്റ്റ്, എൽ.ഡി. ക്ലാർക്ക്, ടൈപ്പിസ്റ്റ് ക്ലാർക്ക്, കോപ്പിയിസ്റ്റ് എന്നീ ക്ലാസ് III തസ്തികകളിലെ 5% ഒഴിവുകൾ, ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. തുടർന്ന് 2006-ലെ ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം മേൽ പ്രസ്താവിച്ച 5% ക്വാട്ട, 10% ആക്കി ഉയർത്തി നൽകിയിട്ടുണ്ട്.

2. പരാമർശിത ഉത്തരവുകൾക്ക് പുറമെ, നിലവിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, പൊതുഭരണം, ആസൂത്രണ സാമ്പത്തിക കാര്യം, തൊഴിൽ എന്നീ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം ക്ലാസ് IV ജീവനക്കാർക്ക് യോഗ്യതയുടേയും,

GCPT. 3/224/2014/DTP.

2. പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് സിവിൽ ജുഡീഷ്യറി, റവന്യൂ എന്നീ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ടി വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന വിശേഷാൽ ചട്ടപ്രകാരം എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് യഥാക്രമം 40%, 15% തസ്തികമാറ്റ സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. എന്നാൽ 3-1-2014-ലെ ഉത്തരവ് അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിന് വിരുദ്ധമാവുകയും ടി വകുപ്പുകളിലെ സ്ഥാനക്കയറ്റ സാധ്യതകളെ വലിയൊരളവിൽ തകിടം മറിക്കുകയും ചെയ്തതിനാൽ അസംതൃപ്തരായ ജീവനക്കാർ നിയമപരമായ തീർപ്പുണ്ടാകുന്നതിന് ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതിന് പ്രേരിതരാകുകയും, പരാമർശം 5-ാമതായി വായിച്ച വിധിന്യായപ്രകാരം ടി വിഷയം രണ്ടുമാസത്തിനകം തീർപ്പാക്കുന്നതിന് ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. താഴ്ന്ന വിഭാഗം ജീവനക്കാരുടെയും എൽ. ഡി. ക്ലർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെയും കേഡർ സ്ട്രെങ്ത് വിവിധ വകുപ്പുകളിൽ വ്യത്യസ്തമാണ്. സിവിൽ ജുഡീഷ്യറി, റവന്യൂ, പൊതുമരാമത്ത് പോലുള്ള വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് എൽ. ഡി. ക്ലർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലാണെന്ന വസ്തുത പരിഗണിക്കാതെയാണ് 3-1-2014-ൽ തസ്തികമാറ്റ നിയമനത്തിനുള്ള അനുപാതം ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. തസ്തികമാറ്റം മുഖേനയുള്ള സ്ഥാനക്കയറ്റ നിയമന അനുപാതത്തിൽ കൊണ്ടുവന്ന ഏകീകരണം തങ്ങളുടെ സ്ഥാനക്കയറ്റത്തിനുള്ള സാധ്യത മന്ദീഭവിപ്പിച്ചു എന്ന പ്രസ്തുത വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ആവലാതിക്ക് കഴമ്പുണ്ടെന്നും പ്രസ്തുത സർക്കാർ ഉത്തരവിന്റെ യഥാർത്ഥ ഉദ്ദേശ്യം പ്രായോഗികതലത്തിൽ സഫലീകരിക്കാനായിട്ടില്ലെന്നും ആയതിനാൽ 3-1-2014-ന് മുൻപ് വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതത് വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പത്ത് ശതമാനത്തിനു മുകളിൽ നിലനിന്നിരുന്ന തസ്തികമാറ്റ സ്ഥാനക്കയറ്റ അനുപാതം നിലനിർത്തിക്കൊണ്ടും 10%-ൽ താഴെയുണ്ടായിരുന്ന വകുപ്പുകളിൽ അത് 10% ആയി നിജപ്പെടുത്തിക്കൊണ്ടും 3-1-2014-ലെ സ. ഉ. (പി) 1/2014/ഉഭപവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതവും നീതിപൂർവവുമായിരിക്കും എന്ന് സർക്കാർ വീക്ഷിക്കുന്നു.



4. മേൽ സാഹചര്യത്തിൽ 3-1-2014-ന് മുൻപ് വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനു മേൽ തസ്തികമാറ്റനിയമനം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

5. 3-1-2014-ലെ സ. ഉ. (പി) 1/2014/ഉ. ഭ. പ. വ. നമ്പർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

6. മേൽ പരാമർശം 5-ാമതായി വായിച്ച ബഹു. ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ഗോപാലകൃഷ്ണ ഭട്ട്,
*സെക്രട്ടറി.*

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും/ ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

---

**കേരള സർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് 3-1-2014-ലെ സ. ഉ. (പി) 1/2014/ഉഭപവ നമ്പർ ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 6/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, 2019 ആഗസ്റ്റ് 24.**

പരാമർശം:—(1) 3-1-2014-ലെ സ. ഉ. (പി) 1/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(2) 19-7-2014-ലെ സ. ഉ. (പി) 21/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(3) 28-5-2015-ലെ സ. ഉ. (പി) 16/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(4) 20-6-2015-ലെ സ. ഉ. (പി) 19/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

(5) WP (C) No. 40183/2017-ലും അനുബന്ധ കേസുകളിലും ബഹു. ഹൈക്കോടതി 24-9-2018-ൽ പുറപ്പെടുവിച്ച വിധിന്യായം.

(6) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22-6-2019-ലെ AV (1)/4607/16/GW നമ്പർ കത്ത്.

ഉത്തരവ്

വിവിധ വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് എൽ. ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള തസ്തികമാറ്റത്തിനുള്ള അവസരസമത്വം ഉറപ്പാക്കുന്നതിലേക്കായി വിവിധ വകുപ്പുകളിലെ തസ്തിക മാറ്റത്തിനുള്ള അനുപാതം 10%-മായി ഏകീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദനുസൃതമായി വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

GCPT. 3/2939/2019/S-3.